

*മൂന്നാം ആംഗ്ലോ-അഫ്ഗാൻ യുദ്ധത്തിലെ അഫ്ഗാൻ പടയാളികൾ*

# ഒബാമ
# വ്യക്തിയും പാർട്ടിയും

ലേഖനം ● **എൻ.എം ഹുസൈൻ**

**ജനുവരി** 20-ന് രാവിലെ ബറാക് ഹുസൈൻ ഒബാമയും കുടുംബവും വൈറ്റ്ഹൗസിലേക്ക് വന്നത് ശ്രദ്ധിക്കൂ. ചരിത്രത്തിലെ ഏറ്റവും വികാരനിർഭരമായ നിമിഷങ്ങളായിരിക്കും അത്. 208 വർഷങ്ങൾക്കിടയിൽ വെള്ളക്കൊട്ടാരത്തിൽ പ്രസിഡന്റ് പദത്തിലേറിയവർ 43. എല്ലാവരും വെള്ളക്കാർ. നാൽപത്തിനാലാമനായി, ആദ്യമായി ഒരു ആഫ്രോ-അമേരിക്കക്കാരൻ ആ സ്ഥാനത്തെത്തുന്നു. അടിമകളായ നീഗ്രോകൾ പണിതുയർത്തിയ വെള്ളക്കൊട്ടാരത്തിൽ 1800 മുതൽ പ്രസിഡന്റാകാൻ കഴിയാതെ പോയ വലിയൊരു ജനവിഭാഗത്തിന്റെ പ്രതീകാത്മക സൗഭാഗ്യമായി ഒബാമയുടെ വിജയം. പതിനെട്ടാം നൂറ്റാണ്ടിന്റെ അവസാന ദശകങ്ങളിൽ വൈറ്റ്ഹൗസിന്റെ പണിനടന്നുകൊണ്ടിരിക്കെ ആഴ്ചയിൽ ഏഴുദിവസവും അധ്വാനിച്ചവരാണ് കറുത്തവർഗക്കാരായ അടിമകൾ. അവരിൽ പലരുടെയും പേരുകൾ ഇന്നും വൈറ്റ്ഹൗസ് നിർമാണ രേഖകളിൽ കാണാം- ടോം, പീറ്റർ, ബെൻ, ഹാരി, ഡാനിയേൽ എന്നിങ്ങനെ. അമേരിക്കയുടെ മൂന്നാമത്തെ പ്രസിഡന്റ് തോമസ് ജഫേഴ്സൻ വൈറ്റ് ഹൗസിലെത്തിയിരുന്നത് തന്റെ അടിമകളെയും കൊണ്ടായിരുന്നുവത്രെ! രണ്ട് നൂറ്റാണ്ടുകഴിഞ്ഞപ്പോൾ വെള്ളക്കാരായ സേവകരോടൊപ്പം ഒരു ആഫ്രോ-അമേരിക്കക്കാരൻ പ്രസിഡന്റായി വൈറ്റ് ഹൗസിലെത്തുന്നു!

**2008-ലെ തെരഞ്ഞെടുപ്പ് സമയത്ത് വീടും സ്വത്തും നഷ്ടപ്പെട്ടവർ പതിനായിരങ്ങളായിരുന്നു. അതിനാൽ തെരഞ്ഞെടുപ്പ് ഓഫീസർമാർ ഇങ്ങനെ പറയാൻ നിർബന്ധിതരായി: വോട്ട് ചെയ്യാനെത്തുന്നവർ വീട് നഷ്ടപ്പെട്ടവരാണെങ്കിൽ രാത്രിയിൽ അന്തിയുറങ്ങുന്ന പാർക്കിലെ ബെഞ്ചിന്റെ നമ്പർ ഹാജറാക്കിയാലും മതിയെന്ന്! ഇത്തരമൊരു ദുരന്തമുഹൂർത്തത്തിൽ ജനങ്ങളുടെ വശമുള്ള ഏക ആയുധം (വോട്ട്) പ്രയോഗിക്കപ്പെടുകയായിരുന്നു.**

ഒബാമയും ഭാര്യ മിഷേലും പെൺമക്കളായ മാലിയയും സാഷയും വൈറ്റ്ഹൗസിലെത്തുമ്പോൾ സംഭവബഹുലത കൈവരുന്നത് ആകസ്മികത കൊണ്ടുകൂടിയാണ്. 2004ൽപോലും ഒബാമ പ്രസിഡന്റാകാനുള്ള യാതൊരു

സാധ്യതയും തെളിഞ്ഞിരുന്നില്ല. എന്നുതന്നെയല്ല റിപ്പബ്ലിക്കനായ ജോർജ്ബുഷ് എട്ടു വർഷംകൊണ്ട് അമേരിക്കയെ ഇത്രമാത്രം കുളംതോണ്ടിയില്ലായിരുന്നുവെങ്കിൽ ഒരു പക്ഷേ, ഒരു ഡെമോക്രാറ്റ് സ്ഥാനാർഥിക്ക് വിജയസാധ്യത കൈവരില്ലായിരുന്നു. പത്ത് വർഷം മുമ്പ് പ്രസിഡന്റ് പദം സ്വപ്നം കാണാൻപോലും സാധ്യതയില്ലാത്ത ഒരു വ്യക്തിയും കുടുംബവും ബന്ധുക്കളും സുഹൃത്തുക്കളും അഭ്യുദയകാംക്ഷികളും ഒബാമയുടെ സ്ഥാനാരോഹണ സന്ദർഭത്തിൽ എത്രമാത്രം ആനന്ദിച്ചിരിക്കും. വൈകാരികമായ ഈ വ്യതിരിക്തത ഒബാമയുടെ പ്രസിഡന്റ് പദത്തെ ജനഹൃദയങ്ങളിൽ അതുല്യമാക്കാൻ പര്യാപ്തമാണ്. പ്രത്യേകിച്ചും ആഫ്രോ-അമേരിക്കക്കാരിൽ.

അമേരിക്കയിലെ മുഖ്യധാരാമാധ്യമങ്ങളിൽ വാർത്തയാകാറില്ലെങ്കിലും അന്നാട്ടിലെ വോട്ടിംഗ് ശതമാനം ഒരുകാലവും അമ്പതുശതമാനത്തിൽ അധികമാകാറില്ല. വോട്ടവകാശമുള്ള പൗരന്മാരിൽ പകുതിയോളം പേർക്ക് പങ്കാളിത്തമില്ലാത്ത ദരിദ്രജനാധിപത്യമാണ് അമേരിക്കയിൽ നിലനിന്നത് എന്നർഥം. ഇന്ത്യയിൽ പോളിംഗ് ശതമാനം എൺപതുശതമാനം എത്താറുണ്ട്. പ്രത്യക്ഷമായ അർഥത്തിലെങ്കിലും അമേരിക്കയേക്കാൾ ജനാധിപത്യം ഇന്ത്യയിലുണ്ട്. തെരഞ്ഞെടുപ്പ് ദിവസം ബീച്ചിൽ ഫുട്ബോൾ കളിക്കാൻ പോകുന്നവരാണ് സാധാരണ അമേരിക്കക്കാരെന്ന് ക്യൂബൻ പ്രസിഡന്റ് കാസ്ട്രോ കളിയാക്കിയിരുന്നു. കോർപറേഷനുകളാൽ നിയന്ത്രിക്കപ്പെടുകയും പബ്ലിക് റിലേഷൻ കമ്പനികളാൽ സംഘടിപ്പിക്കപ്പെടുകയും ചെയ്യുന്ന തെരഞ്ഞെടുപ്പിൽ സാധാരണക്കാർക്ക് താൽപര്യക്കുറവുണ്ടാവുന്നത് സ്വാഭാവികമാണ്. എന്നുതന്നെയല്ല, ആഫ്രോ-അമേരിക്കക്കാരും നീഗ്രോകളും താമസിക്കുന്ന സ്ഥലങ്ങളിലും ബൂത്തുകളിലും പ്രശ്നങ്ങൾ സൃഷ്ടിച്ച് തെരഞ്ഞെടുപ്പിൽനിന്നും അവരെ അകറ്റാനുള്ള പദ്ധതികൾ റിപ്പബ്ലിക്കുകളും ഡെമോക്രാറ്റുകളും അനുവർത്തിക്കാറുമുണ്ട്. എന്നാൽ 2008-ലെ തെരഞ്ഞെടുപ്പിൽ വോട്ടിംഗ് ശതമാനം എൺപതായി വർധിച്ചു. ഈ ഒറ്റക്കാരണത്താൽ തന്നെ തെരഞ്ഞെടുക്കപ്പെട്ട അമേരിക്കൻ പ്രസിഡന്റുമാരിൽ ഏറ്റവും ജനപ്രിയൻ ഒബാമയാണെന്ന് കാണാവുന്നതാണ്.


*ഡേവിഡ് മിലിബാന്റ്*

വോട്ടിംഗ് ശതമാനം വർധിച്ചതിന് പല കാരണങ്ങളുണ്ടാകാം. നീഗ്രോകളെയും ആഫ്രോ-അമേരിക്കക്കാരെയും മറ്റു തദ്ദേശീയരെയും (റെഡ് ഇന്ത്യക്കാർ മുതലായവർ) തെരഞ്ഞെടുപ്പിൽ പങ്കാളികളാവുന്നതിൽ നിന്നും അകറ്റുന്ന ഭരണകൂട സംവിധാനങ്ങൾ ദുർബലമായി എന്നതാണ് ഒരു കാരണം. രാഷ്ട്രീയമായും സാമ്പത്തികമായും സൈനികമായും ദുർബലമായ ഫെഡറൽ ഭരണകൂടമാണ് ഇപ്പോൾ അവിടെയുള്ളത്. ഇക്കാര്യം യജമാനന്മാർക്കും സേവകർക്കും ഒരുപോലെ ബോധ്യപ്പെട്ടതുകൊണ്ട് കാര്യക്ഷമമായി നിയന്ത്രണങ്ങളോ കുതന്ത്രങ്ങളോ നടപ്പാക്കാനായില്ല. പാർശ്വവത്കരിക്കപ്പെട്ട ഇത്തരം ജനവിഭാഗങ്ങൾ പ്രതീക്ഷ നഷ്ടപ്പെട്ടവരായതുകൊണ്ടാണ് തെരഞ്ഞെടുപ്പിൽനിന്ന് സ്വമേധയാ മാറിനിൽക്കുന്നവരുടെ എണ്ണം കൂടുതലായത്. കോർപറേഷനുകൾ ഭരിക്കുന്ന അമേരിക്കയിൽ ജയിക്കുന്ന സ്ഥാനാർഥികൾ കോർപറേറ്റ് ശക്തികളുടെ സേവകരാണെന്നിരിക്കെ തെരഞ്ഞെടുപ്പ് വിഫലമായൊരു അഭ്യാസമായി അവർക്ക് തോന്നിയിരുന്നു. എന്നാൽ കോർപറേറ്റ് ശക്തികളുടെ തകർച്ച ആരംഭിച്ചതോടെ ജനങ്ങളിൽ പ്രതീക്ഷയും നാമ്പിട്ടു തുടങ്ങി. 2001 മുതൽ അമേരിക്കയിൽ വീശിയടിച്ച പ്രകൃതിവിനാശങ്ങളിൽ ദുരിതത്തിലായവർക്ക് മതിയായ ആശ്വാസം പോലും നൽകാതെ യുദ്ധഭ്രാന്തുമായി ലോകം ചുറ്റിയ ബുഷിനെതിരായ വികാരം പരമ്പരാഗത ഉദാസീനതയെ പതിന്മടങ്ങ് മറികടക്കുന്നതായിരുന്നു. 2008-ലെ തെരഞ്ഞെടുപ്പ് സമയത്ത് വീടും സ്വത്തും നഷ്ടപ്പെട്ടവർ പതിനായിരങ്ങളായിരുന്നു. അതിനാൽ തെരഞ്ഞെടുപ്പ് ഓഫീസർമാർ ഇങ്ങനെ പറയാൻ നിർബന്ധിതരായി: വോട്ട് ചെയ്യാനെത്തുന്നവർ വീട് നഷ്ടപ്പെട്ടവരാണെങ്കിൽ രാത്രിയിൽ അന്തിയുറങ്ങുന്ന പാർക്കിലെ ബെഞ്ചിന്റെ നമ്പർ ഹാജറാക്കിയാലും മതിയെന്ന്! ഇത്തരമൊരു ദുരന്തമുഹൂർത്തത്തിൽ ജനങ്ങളുടെ വശമുള്ള ഏക ആയുധം (വോട്ട്) പ്രയോഗിക്കപ്പെടുകയായിരുന്നു. ഒരു ആഫ്രോ-അമേരിക്കക്കാരൻ പ്രസിഡന്റ് സ്ഥാനാർഥിയായത് അവരുടെ പ്രതിഷേധത്തെ പ്രതീക്ഷകളാക്കി മാറ്റാൻ സഹായകമായി. അമ്പതുശതമാനം വോട്ട് രേഖപ്പെടുത്തുകയും അതിൽ പകുതിയിലേറെ കിട്ടുന്നവർ ഭരിക്കുകയും ചെയ്യുന്ന പാരമ്പര്യമാണ് അമേരിക്കയിലുണ്ടായിരുന്നത്. അതായത് വോട്ടവകാശമുള്ള പൗരന്മാരിൽ നാലിലൊരാളുടെ ആഗ്രഹങ്ങളാണ് ഭരണരംഗത്ത് പ്രതിനിധീകരിക്കപ്പെട്ടത് എന്നർഥം. നാലിലൊരാൾ മൂന്നാളുകളുടെ മേൽ ഭരണം നടത്തുന്ന ജനാധിപത്യം എത്ര 'സുന്ദരമാണെ'ന്ന് സങ്കൽപിച്ചു നോക്കൂ. ഇത്തരം രാഷ്ട്രീയ സാഹചര്യത്തിൽ വോട്ടിംഗ് ശതമാനം എൺപതായി ഉയർന്നുവെന്നത് ശ്രദ്ധേയമാണ്.

ഒബാമയുടെ പാരമ്പര്യം മിശ്രിതമാണ്. പിതാവ് ആഫ്രിക്കൻ വംശജൻ. മാതാവ് തനി വെള്ളക്കാരി. പിതാവ് ടാറ് പോലെ കറുത്തവനും മാതാവ് പാലുപോലെ വെളുത്തവളുമായിരുന്നുവെന്ന് ഒബാമ അനുസ്മരിച്ചിട്ടുണ്ട്. എന്നാൽ ഭാര്യ മിഷേലിന്റെ പാരമ്പര്യം വ്യത്യസ്തമാണ്. അവരുടെ മുതുമുത്തച്ഛൻ തെക്കൻ കരോളിനയിലെ ഒരു കൃഷിയിടത്തിൽ അടിമയായിരുന്നു. അടിമത്തത്തിൽനിന്നും ഉടമത്തത്തിലേക്കുള്ള ഈ യാത്ര അമേരിക്കയുടെ ചരിത്രത്തിൽ പ്രതീകാത്മകതക്കപ്പുറം പരിവർത്തനത്തിന്റെ പ്രാരംഭമാകുമോ? ആകുമെന്ന് തീർത്തുപറയാൻ അമേരിക്കയിൽ നിലവിലുള്ള രാഷ്ട്രീയ സംസ്കാരത്തിന്റെ സ്വഭാവം അനുവദിക്കുന്നില്ല. എന്നാൽ കോർപറേറ്റ് ശക്തികൾ ദുർബലമാവുകയും ഫെഡറൽ സംവിധാനങ്ങൾ ദരിദ്രമാവുകയും ചെയ്യുന്ന ഇന്നത്തെ സാഹചര്യം ഏതാനും വർഷങ്ങൾ തുടർന്നാൽ മാറ്റത്തിനുള്ള സാധ്യതകൾ

**അടിമത്തത്തിൽനിന്നും ഉടമത്തത്തിലേക്കുള്ള ഈ യാത്ര അമേരിക്കയുടെ ചരിത്രത്തിൽ പ്രതീകാത്മകതക്കപ്പുറം പരിവർത്തനത്തിന്റെ പ്രാരംഭമാകുമോ? ആകുമെന്ന് തീർത്തുപറയാൻ അമേരിക്കയിൽ നിലവിലുള്ള രാഷ്ട്രീയ സംസ്കാരത്തിന്റെ സ്വഭാവം അനുവദിക്കുന്നില്ല. എന്നാൽ കോർപറേറ്റ് ശക്തികൾ ദുർബലമാവുകയും ഫെഡറൽ സംവിധാനങ്ങൾ ദരിദ്രമാവുകയും ചെയ്യുന്ന ഇന്നത്തെ സാഹചര്യം ഏതാനും വർഷങ്ങൾ തുടർന്നാൽ മാറ്റത്തിനുള്ള സാധ്യതകൾ തെളിയും എന്നു വ്യക്തമാണ്.**

തെളിയും എന്നു വ്യക്തമാണ്. ഒരു വ്യക്തിയുടെ നിലപാടുകളേക്കാൾ അധികാരഘടനയിൽ സംഭവിക്കുന്ന തകർച്ചയാണ് ഇത് നിർണയിക്കുന്നത്.

അമേരിക്കയുടെ ഭാവി ആരുടെയും പ്രവചനങ്ങൾക്കപ്പുറമാവാം. എന്നാൽ പ്രസിഡൻഷ്യൽ ചരിത്രകാരൻ ഡൌഗ്ലാസ് ബ്രിൻകി പറഞ്ഞപോലെ, അമേരിക്കയിലെ തെക്കൻ കരോളിനയിലെ പാടത്ത് അടിമപ്പണി ചെയ്തിരുന്ന ഒരാളുടെ പേരക്കിടാവും രണ്ട് പെൺമക്കളും ഇപ്പോൾ അന്തിയുറങ്ങുന്നത് അമേരിക്കൻ പ്രസിഡന്റിന്റെ ഔദ്യോഗികവസതിയിലാണെന്നത് മഹത്തായൊരു ചരിത്രസംഭവം തന്നെയാണ്.

ഒബാമ പ്രസിഡന്റായി ചുമതലയേറ്റയുടൻ പുറത്തുവന്ന നയപ്രഖ്യാപനങ്ങളിൽ പലതും ആശാവഹമാണെങ്കിലും മറ്റു പലതും നിരാശാജനകം തന്നെയാണ്. അമേരിക്കയെ ഇന്നത്തെ പ്രതിസന്ധികളിലേക്ക് നയിക്കുന്നതിന് കാരണമായ ഭീകരതാവിരുദ്ധയുദ്ധം ഉദാഹരണമായെടുക്കാം. ഇറാഖിൽനിന്നും ശ്രദ്ധയൂരി അഫ്ഗാനിലേക്കും പാക് അതിർത്തി പ്രദേശങ്ങളിലേക്കും ശ്രദ്ധകേന്ദ്രീകരിക്കണമെന്ന നയം ജോർജ് ബുഷിന്റേതിൽനിന്നും വ്യത്യസ്തമാണെന്നതിൽ സംശയമില്ല. ഇറാഖിലേക്ക് സേനയെ അയക്കാൻ യഹോവ തന്നോട് അരുൾ ചെയ്തുവെന്ന് വിശ്വസിക്കുകയും അതു പരസ്യമായി പ്രഖ്യാപിക്കുകയും ചെയ്ത ബുഷിനെപ്പോലെ മഠയനായ മറ്റൊരാൾ അമേരിക്കൻ പ്രസിഡന്റാകാനുള്ള സാധ്യത ഏതായാലും അവസാനിച്ചു. അത്തരം അസംബന്ധവിചാരങ്ങളൊന്നും ഇല്ലാത്തയാളാണ് ഒബാമയെന്നതും ശരിതന്നെ. എന്നാൽ ഭീകരതാവിരുദ്ധയുദ്ധത്തിനെതിരായ നീക്കങ്ങൾ മുഴുവൻ അഫ്ഗാനിൽ കേന്ദ്രീകരിക്കാനുള്ള ശ്രമം വിവേകത്തെയല്ല വിനാശത്തെയാണ് സൂചിപ്പിക്കുന്നത്.

ബ്രിട്ടീഷ് വിദേശകാര്യ സെക്രട്ടറി ഡേവിഡ് മിലിബാന്റ് ഈയിടെ നടത്തിയ പ്രസ്താവന പ്രസക്തമാണ്. 'ഭീകരതാവിരുദ്ധയുദ്ധം' അബദ്ധമായിരുന്നുവെന്നും അതിനാൽ ബ്രിട്ടൻ ഇപ്പോൾ അത്തരം പദപ്രയോഗം തന്നെ ഒഴിവാക്കിയിട്ടുണ്ടെന്നും മിൽബാന്റ് വ്യക്തമാക്കി. ഗുണത്തേക്കാളേറെ അത് ദോഷമാണുണ്ടാക്കിയതെന്നും അദ്ദേഹം തുറന്നുസമ്മതിച്ചു. (*ഗാഡിയൻ*, *ബി.ബി.സി* ജനുവരി 15). അമേരിക്കയോടൊപ്പം തോളോടുതോൾചേർന്ന് ഭീകരതാവിരുദ്ധയുദ്ധം പ്രഖ്യാപിച്ച ബ്രിട്ടന്റെ വിദേശകാര്യ സെക്രട്ടറിക്ക് തെറ്റ് തുറന്നു സമ്മതിക്കാമെങ്കിൽ തികച്ചും വ്യത്യസ്തനായ ഒബാമക്ക് എന്തുകൊണ്ടിതു സാധിക്കുന്നില്ല? ഒബാമയുടെ വ്യതിരിക്തതകൾ ഡെമോക്രാറ്റ് പാർട്ടിയുടെ യുദ്ധനയങ്ങളിൽ മുങ്ങിപ്പോകുന്നതിന്റെ പ്രത്യക്ഷ ലക്ഷണമാണിത്.

മിലിബാന്റിന്റെ കുറ്റസമ്മതത്തെ കാപട്യമായി വിശേഷിപ്പിക്കാൻ ബ്രിട്ടനിലെ യാഥാസ്ഥിതിക രാഷ്ട്രീയ നേതാക്കൾ രംഗത്തുവന്നു. എന്നാൽ വ്യക്തമായ ധാരണയോടെയും ശക്തമായ നിലപാടോടും കൂടിയായിരുന്നു ഈ കുമ്പസാരം. മുംബൈ ഭീകരാക്രമണത്തിനുശേഷം താജ് ഹോട്ടലിൽ നടന്ന ചടങ്ങിൽ വെച്ചുതന്നെ മിലിബാന്റ് ഇക്കാര്യം പറഞ്ഞിരുന്നു. അദ്ദേഹത്തിന്റെ മാത്രം കാഴ്ചപ്പാടാണിതെന്നായിരുന്നു ഇന്ത്യൻ വിദേശകാര്യ മന്ത്രാലയത്തിന്റെ പ്രതികരണം. "ആഭ്യന്തരകാര്യങ്ങളിൽ ആവശ്യപ്പെടാതെയുള്ള ഉപദേശങ്ങൾ" വേണ്ടെന്നും മന്ത്രാലയം വ്യക്തമാക്കി (*ബി.ബി.സി* ജനുവരി 15). എന്നാൽ മിലിബാന്റ് ഭീകരതയെപ്പറ്റി പറഞ്ഞ അഭിപ്രായങ്ങൾ പരിഗണനീയമായിരുന്നു. വെറുപ്പിന്റെ പ്രത്യയശാസ്ത്രമാണ് ഭീകരവാദമെന്ന് ലോകമെമ്പാടുമുള്ള ബുദ്ധിജീവികൾ പ്രസംഗിച്ചുകൊണ്ടിരിക്കെ ബ്രിട്ടീഷ് വിദേശകാര്യ സെക്രട്ടറി പറഞ്ഞതിങ്ങനെ: "ഭീകരവാദം പ്രത്യയശാസ്ത്രമോ സ്ഥാപനമോ അല്ല. അതൊരു മാരകമായ തന്ത്രമാണ്" (*ഗാഡിയൻ*, ജനുവരി 15).

**2001–ൽ അഫ്ഗാനെതിരെ യുദ്ധം ആരംഭിക്കുന്നതിന് മുമ്പ് വിയറ്റ്നാംയുദ്ധത്തിൽ പങ്കെടുത്ത നാൽപതോളം സൈനിക പ്രമുഖർ ഒപ്പിട്ട ഒരു കത്ത് പ്രസിഡന്റ് ജോർജ് ബുഷിന് അയക്കുകയുണ്ടായി. അഫ്ഗാനിലേക്ക് സൈന്യത്തെ അയക്കരുതെന്നും അഥവാ അയച്ചാൽ ഫലം വിനാശകരമായിരിക്കുമെന്നും അവർ മുന്നറിയിപ്പു നൽകിയിരുന്നു. യുദ്ധഭ്രാന്തനായ ബുഷിന് അതൊന്നും പരിഗണനീയമായില്ല.**

അഫ്ഗാനിലേക്ക് മുഴുവൻ ശ്രദ്ധയും അമേരിക്ക കേന്ദ്രീകരിച്ചെന്ന് സങ്കൽപിക്കുക. ഒരു വർഷംകൊണ്ടോ പത്തുവർഷംകൊണ്ടോ അഫ്ഗാനെ കീഴ്പ്പെടുത്താനോ താലിബാൻകാരെ ഇല്ലായ്മ ചെയ്യാനോ സാധിക്കുമോ? സാധ്യമല്ലെന്ന് അഫ്ഗാന്റെ ചരിത്രമറിയാവുന്ന ആർക്കും ബോധ്യമാവും. ഒബാമയുടെ ഇഷ്ടകൃതികൾ മഹാത്മാ ഗാന്ധിയുടെ 'എന്റെ സത്യാന്വേഷണ പരീക്ഷണ'ങ്ങളും മാർട്ടിൻ ലൂഥർ കിംഗിന്റെ രചനകളുമാണെന്ന് വാർത്തകളിൽ കണ്ടു. അത്രയും നന്ന്. എന്നാൽ അഫ്ഗാൻ ഓപ്പറേഷന് പുതിയ ഉത്തരവുകൾ ഇറക്കും മുമ്പ് അഫ്ഗാനികളുടെ ചരിത്രമൊന്ന് സാമാന്യമായെങ്കിലും വായിക്കുന്നത് ഒബാമക്ക് പ്രയോജനം ചെയ്തേക്കും എന്ന് ആഗ്രഹിക്കാനേ നമുക്ക് നിർവാഹമുള്ളൂ. ഏറ്റവും ചുരുങ്ങിയത് ആദ്യമായി അഫ്ഗാനിലേക്ക് സേനയെ അയച്ച ബ്രിട്ടീഷ് സാമ്രാജ്യത്വത്തിനുണ്ടായ അനുഭവമെങ്കിലും മനസ്സിലാക്കിയാൽ മതി. 1839–1842 കാലത്ത് അഫ്ഗാൻ കീഴടക്കാനെത്തിയത് ഇരുപത്തയ്യായിരം ബ്രിട്ടീഷ് സേവകർ (4500 പട്ടാളക്കാരടക്കം). 1842–ൽ അഫ്ഗാനിൽനിന്നും തോറ്റോടി ബ്രിട്ടീഷ് ഇന്ത്യയിൽ എത്തിയത് ഒരൊറ്റ ബ്രിട്ടീഷുകാരൻ മാത്രം– ഡോ. വില്യം ബ്രിഡൻ. മറ്റെല്ലാവരും ഏറ്റുമുട്ടലിൽ മരിക്കുകയോ പ്രതികൂല കാലാവസ്ഥയിൽ (രണ്ടടി ഉയരത്തിൽ മഞ്ഞുമൂടിയ പ്രദേശങ്ങൾ) മരണപ്പെടുകയോ ചെയ്തു! സൂര്യനസ്തമിക്കാത്ത ബ്രിട്ടീഷ് സാമ്രാജ്യത്തിന്റെ അധിപന്മാർ ഇന്ത്യൻ ശിപായികളെയും കൂട്ടി നടത്തിയ ഒന്നാം ആംഗ്ലോ–അഫ്ഗാൻ യുദ്ധത്തിന്റെ കഥയിതാണെങ്കിൽ അസ്തമിച്ചുകൊണ്ടിരിക്കുന്ന അമേരിക്കൻ സാമ്രാജ്യത്വ നേതാക്കൾക്ക് ഇതിലപ്പുറം വല്ലതും സാധിക്കുമോ?

ഈ ചരിത്ര യാഥാർഥ്യങ്ങൾ മനസ്സിലാക്കിയവർ അമേരിക്കൻ സേനയിൽ തന്നെയുണ്ടായിരുന്നു. 2001–ൽ അഫ്ഗാനെതിരെ യുദ്ധം ആരംഭിക്കുന്നതിന് മുമ്പ് വിയറ്റ്നാംയുദ്ധത്തിൽ പങ്കെടുത്ത നാൽപതോളം സൈനിക പ്രമുഖർ ഒപ്പിട്ട ഒരു കത്ത് പ്രസിഡന്റ് ജോർജ് ബുഷിന് അയക്കുകയുണ്ടായി. അഫ്ഗാനിലേക്ക് സൈന്യത്തെ അയക്കരുതെന്നും അഥവാ അയച്ചാൽ ഫലം വിനാശകരമായിരിക്കുമെന്നും അവർ മുന്നറിയിപ്പു നൽകിയിരുന്നു. യുദ്ധഭ്രാന്തനായ ബുഷിന് അതൊന്നും പരിഗണനീയമായില്ല. ഒന്നിലേറെ രാജ്യങ്ങളെ ഒരുമിച്ചാക്രമിക്കുന്ന നയമായിരുന്നു ബുഷിന്റേത്. ഇതിലെ അപകടം ഏതൊരു സാമാന്യബുദ്ധിയുള്ളവനും ഗ്രഹിക്കാവുന്നതേയുള്ളൂ. ഈ ഗ്രാഹ്യതക്കപ്പുറം ഇപ്പോഴത്തെ പ്രസിഡന്റ് ഒബാമക്കും ബുദ്ധിയുദിക്കുന്നില്ല എന്നതാണ് ഖേദകരം. ■